# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 07-01-2014-ൽ മറുപടിക്ക്

ചോദ്യം നമ്പർ : 664

## 2003-ലെ ആഗോള നിക്ഷേപക സംഗമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ് | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | 2003-ൽ സർക്കാർ സംഘടിപ്പിച്ച ആഗോളനിക്ഷേപക സംഗമത്തേയും അതിന്റെ തുടർ നടപടികളെയും കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; ആഗോളനിക്ഷേപക സംഗമത്തെ മുൻനിർത്തി ഉയർത്തിക്കാട്ടിയ പ്രതീക്ഷകൾ സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞതായി വിലയിരുത്തിയി ട്ടുണ്ടോ; | (എ) | വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ കേരളത്തിലെ നിക്ഷേപ സാദ്ധ്യത വർദ്ധിപ്പിക്കുവാനാണ് ജിം ലക്ഷ്യമിട്ടത്. കൂടാതെ സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന വിഭവങ്ങളും സാദ്ധ്യതകളും ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുക എന്നതും ദീർഘകാല അടിസ്ഥാനത്തിലൂടെ സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുകയെന്നതും ജിമ്മിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിരുന്നു. പ്രസ്തുത സംഗമത്തിൽ കേരളത്തിലെ നിക്ഷേപ സാദ്ധ്യതകളെപ്പറ്റിയും അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതികൾ എന്നിവ വിശദമാക്കാനും കൂടാതെ ഭക്ഷ്യസംസ്ക്കരണം, വിനോദസഞ്ചാരം, വ്യവസായം, വിദ്യാഭ്യാസം ഗതാഗതം, തുറമുഖം തുടങ്ങിയ മേഖലകളിലെ വിവിധ നിക്ഷേപ പദ്ധതികളെപ്പറ്റിയും ചർച്ച ചെയ്യുവാൻ സാധിച്ചു. |
| (ബി) | ആഗോളനിക്ഷേപകസംഗമത്തിലൂടെ എത്ര തുകയുടെ പദ്ധതികൾ ലഭിക്കുമെന്നാണു പ്രഖ്യാപി ച്ചിരുന്നത്; ലഭിച്ചവ എത്ര; ധാരണാ പത്രം ഒപ്പുവയ്ക്കാൻ കഴിഞ്ഞവ എത്ര; ഇതിൽ പ്രാവർത്തികമായവ ഏവ; | (ബി) & (സി) | ആഗോള നിക്ഷേപക സംഗമത്തിന്റെ ഭാഗമായി ഏകദേശം 11,000 കോടി രൂപ മുതൽമുടക്ക് വരുന്ന 96 പദ്ധതികൾക്ക് വിവിധ വകുപ്പുകൾ ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ മാത്രം ഏകദേശം 339.70 കോടി രൂപ മുതൽ മുടക്കു വരുന്ന 19 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊച്ചി റിഫൈനറി വികസനം നടപ്പിലാക്കിയത് 2600 കോടി രൂപ മുതൽമുടക്കിയാണ്. ഇതു കൂടാതെ, |
| (സി) | ആഗോള നിക്ഷേപക സംഗമത്തിൽ പ്രധാനമന്ത്രി എത്ര തുകയ്ക്കുള്ള എത്ര പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു ; ഏതൊക്കെ ഇതിനകം നടപ്പിലാക്കാ | | |

| | | | |
|---|---|---|---|
| | നായി; ബാക്കി നടപ്പിലാക്കാനുള്ളവ ഏവ; | | സ്വകാര്യ മേഖലയിൽ വിവിധ പദ്ധതികളും വന്നിട്ടുണ്ട്. |
| (ഡി) | ആഗോള നിക്ഷേപക സംഗമത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ വകുപ്പുകളോ പൊതുമേഖലാസ്ഥാപനങ്ങളോ പദ്ധതികൾ സമർപ്പിച്ചിരുന്നോ; എന്തു തുകയ്ക്കുള്ള ഏതെല്ലാം പദ്ധതികളാണ് സമർപ്പിച്ചിരുന്നത്; ഇവയിൽ നടപ്പിലാക്കാനാകാത്തവ എത്ര; | (ഡി) | ആഗോള നിക്ഷേപക സംഗമത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിച്ച 3 പദ്ധതികൾക്കാണ് ധാരണാപത്രം ഒപ്പിട്ടത്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. ഇവയിൽ നാഷണൽ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെയും കൊച്ചിൻ ഷിപ്പ്യാർഡിന്റെയും പദ്ധതികൾ നടപ്പിലായിട്ടില്ല. |
| (ഇ) | ആഗോള നിക്ഷേപക സംഗമത്തിന് എന്തു തുക ചെലവ് വരുമെന്നാണു പ്രതീക്ഷിച്ചിരുന്നത്; എന്തു തുക ചെലവായി; ഇതിൽ സർക്കാർ ഖജനാവിൽ നിന്നും ചെലവായതെത്ര; | (ഇ) | ആഗോള നിക്ഷേപക സംഗമത്തിനായി 5.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത സംഗമത്തിന്റെ പരസ്യത്തിനും പ്രചാരണത്തിനും, മാദ്ധ്യമങ്ങളിലൂടെ യുള്ളതുൾപ്പെടെ എന്തു തുക ചെല വഴിച്ചു; വിശദമാക്കുമോ? | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

MoUs Signed

KSIDC MoUs WITH PUBLIC SECTOR UNDERTAKINGS

| Sl.No | Project & Location | Promoter | Approx. Project Cost (Rs. Cr) |
|---|---|---|---|
| 1 | Expansion Project at Kochi Refineries ( 7.5 MTPA to 10.5 MTPA) | Kochi Refineries Ernakulam | 2600 |
| 2 | Mineral Processing Unit at Kollam District | National Mineral Development Corporation (NMDC) Hyderabad | 1850 |
| 3 | Technology Park at Kochi | Cochin Shipyard Ltd, Ernakulam | 65 |
| | | **TOTAL** | **4515** |